Janayugom 28.10.17

# കാർഷിക സർവ്വകലാശാലയെ ഫയലിൽ നിന്നു വയലിലേക്ക് മാറ്റും: കൃഷി മന്ത്രി

## സി അച്യുതമേനോൻ സ്മാരക പഠനഗവേഷണ കേന്ദ്രം തുറന്നു

തൃശൂർ: ന്യൂനതകൾ പരിഹരിച്ച് കാർഷികാഭിവൃദ്ധിക്കായി ' ഫയലിൽ നിന്നു വയലിലേക്കുള്ള' പ്രവർത്തന മികവിലേക്ക് കേരള കാർഷിക സർവ്വകലാശാലയെ മാറ്റിയെടുക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് കൃഷിമന്ത്രി അഡ്വ. വി എസ് സുനിൽ കുമാർ പറഞ്ഞു. വെള്ളാനിക്കര കാർഷിക സർവ്വകലാശാല ആസ്ഥാനത്ത് പുതുതായി നിർമ്മിച്ച സി അച്യുതമേനോൻ സ്മാരക പഠനഗവേഷണ കേന്ദ്രത്തിന്റെ ഉദ്ഘാടനവും പുതിയ സ്പോർട്സ് പവലിയന്റെ ശിലാസ്ഥാപനവും നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

കാർഷിക മേഖല വെല്ലുവിളികൾ നേരിടുന്ന ഇക്കാലത്ത് സംസ്ഥാന സർക്കാർ മുന്തിയ പരിഗണനയാണ് കൃഷിക്ക് നൽകുന്നത്. എന്നാൽ രാഷ്ട്രീയ കൃഷി വികാസ് യോജന അഥവാ (ആർ.കെ.വി.വൈ) സബ്സിഡി അടക്കമുള്ള ആനുകൂല്യങ്ങൾ പിൻവലിക്കുന്ന നടപടിയാണ് കേന്ദ്രസർക്കാരിന്റേത്. നെൽകൃഷിക്കുള്ള ആർ.കെ.വി.വൈ സബ്സിഡി തുക 6500 രൂപയിൽ നിന്നും കേന്ദ്രവിഹിതമായ 5000 രൂപ അടിസ്ഥാന വികസനത്തിനായി മാറ്റി വച്ചതോടെ സംസ്ഥാന സർക്കാരിന്റെ വിഹിതമായ 1500 രൂപയ്ക്കൊപ്പം 5000 രൂപ കൂടെ ചേർത്ത് സബ്സിഡി തുടരാൻ എൽ.ഡി.എഫ് സർക്കാർ തീരുമാനിച്ചത് ഈ സാഹചര്യത്തിലാണ്. കേന്ദ്രസർക്കാരിന്റെ കാർഷിക നയം മൂലം കർഷകർക്ക് വിപണി നിയന്ത്രിക്കാൻ കഴിയുന്നില്ല.

കാർഷികമേഖലയുടെ വളർച്ചയ്ക്കായി കാർഷിക കർമ്മസേനകളുടേയും അഗ്രോസർവ്വീസ് സെന്ററുകളുടേയും ഏകോപനം സംസ്ഥാനത്ത് അനിവാര്യമാണ്. ഇതു മുൻനിർത്തി ഇവയുടെ ഏകോപന പ്രവർത്തനങ്ങൾ സർക്കാർ ഉടൻ സാധ്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു. അഡ്വ. കെ രാജൻ എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സർവ്വകലാശാല ജനറൽ കൗൺസിലംഗമായ കെ വി വിജയദാസ് എംഎൽഎ, മാടക്കത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി എസ് വിനയൻ, സർവ്വകലാശാല വൈസ് ചാൻസിലർ പ്രഫ. പി രാജേന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.

ഭാരതീയ കാർഷിക ഗവേഷണകേന്ദ്രത്തിന്റെ ധനസഹായത്തോടെ നിർമ്മിച്ച പുതിയ മന്ദിരത്തിൽ വൈസ് ചാൻസിലറിന്റേതടക്കമുള്ള ഉദ്യോഗസ്ഥരുടെ ഓഫീസുകളും പ്രവർത്തിക്കും. സർവ്വകലാശാല ആസ്ഥാനമന്ദിരമായും പഠനഗവേഷണ മന്ദിരം മാറും. നിലവിലെ സർവ്വകലാശാല മൈതാനത്ത് 4,200 ചതുരശ്ര അടി വിസ്തീർണത്തിലുള്ള സ്പോർട്സ് പവലിയനാണ് സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.